പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6459

**08.11.2016** ൽ മറുപടിക്ക്

## തലപ്പിള്ളി താലൂക്കിൽ കരിങ്കൽ ഖനനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | തലപ്പിള്ളി താലൂക്കിൽ എത്ര കരിങ്കൽ ക്വാറികളും ക്രഷർ കിണറുകളും മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരു വിവരങ്ങൾ വിവരിക്കുമോ; | (എ) | തലപ്പിള്ളി താലൂക്കിൽ ഒരു വർഷക്കാലാവധി നൽകി കൊണ്ട് പ്രവർത്തിക്കുന്ന 26 കരിങ്കൽ ക്വാറികളും ദീർഘകാല ക്വാറിയിംഗ് ലീസ് പ്രകാരം പ്രവർത്തിക്കുന്ന 22 കരിങ്കൽ ക്വാറികളും മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ക്രഷർ യൂണിറ്റുള്ള ക്വാറീയിംഗ് ലീസുടമകളുടെ 9 രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇതു കൂടാതെ 11 ക്രഷർ യൂണിറ്റുകൾക്ക് ഡീലേഴ്സ് ലൈസൻസ് നൽകിയിട്ടുണ്ട്. അവയുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മൈനിംഗ് & ജിയോളജി വകുപ്പിന്റെ കണക്കുപ്രകാരം ഓരോ വർഷവും തലപ്പിള്ളി താലൂക്കിലെ ക്രഷർ യൂണിറ്റുകളും, കരിങ്കൽ ക്വാറികളും കൂടി എത്ര ടൺ കരിങ്കൽ ഖനനം ചെയ്തെടുക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ ഇതുവരെയായി കരിങ്കൽ ക്വാറികൾക്കും ക്രഷറുകൾക്കും ആകെ 1,27,500 ട്രാൻസിറ്റ് പാസ്സുകൾ വകുപ്പിന്റെ തൃശ്ശൂർ ജില്ലാ ആഫീസിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം (CRPS) പ്രകാരം ഭൂവിസ്തൃതിക്ക് അനുസൃതമായ സ്ലാബ് അടിസ്ഥാനത്തിൽ ഖനനം ചെയ്യുന്നതിനുള്ള അനുമതിയും നിശ്ചിത പാസ്സും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ലീസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളെ ആസ്പദമാക്കി പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റുകൾ സർക്കാരിലേയ്ക്ക് കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കുന്ന (ജോസൈസിന് അനുസരിച്ച്) രീതി opt ചെയ്തിട്ടുള്ളതിനാൽ അനുവദിക്കാവുന്ന പാസ്സുകളുടെ എണ്ണം പ്രത്യേകം നിജപ്പെടുത്തിയിട്ടില്ലാത്തതുമാണ്. മേൽപ്പറഞ്ഞ പ്രകാരം CRPS, RMCU പ്രകാരം ഖനനം ചെയ്ത് നീക്കാവുന്ന കരിങ്കല്ലിന്റെ അളവിൽ നിഷ്കർഷയില്ലാത്തതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതിലൂടെ മൈനിംഗ് & ജിയോളജി വകുപ്പിന് എത്ര രൂപ വരുമാനം ഒരോ വർഷവും ലഭിക്കുന്നുണ്ട്; വിശദാംശം നൽകുമോ; | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ തലപ്പിള്ളി താലൂക്കിലെ കരിങ്കൽ ക്വാറികൾ ക്രഷർ യൂണിറ്റുകളിൽ നിന്നായി ഇതുവരെയായി 2,01,38,960/- രൂപ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇനം തിരിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു.<br>രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റുകളിൽ നിന്നും കൺസോളിഡേറ്റഡ് റോയൽറ്റി ഇനത്തിൽ ലഭിച്ച വരുമാനം : 97,00,000/- രൂപ<br>കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം (CRPS) പ്രകാരം ക്വാറികളിൽ നിന്നും ലഭിച്ച വരുമാനം : 81,25,000/- രൂപ<br>ഡീലേഴ്സ് ലൈസൻസ് മൂവ്മെന്റ് പെർമിറ്റ് വകയിൽ ലഭിച്ച വരുമാനം : 23,13,960/- രൂപ |
| (ഡി) | അനുമതി ഇല്ലാതെ കരിങ്കൽ ഖനനം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | തലപ്പിള്ളി താലൂക്കിൽപ്പെട്ട കിള്ളിമംഗലം പൈങ്കുളം, പാഞ്ഞാൾ, തയ്യൂർ, തിരുവില്വാമല, തെക്കുംകര, വടക്കാഞ്ചേരി വില്ലേജുകളിലെ അനധികൃത കരിങ്കൽ ഖനന പ്രവൃത്തി നടന്നിരുന്ന സ്ഥലങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പ് പരിശോധിക്കുകയും ആയത് നിർത്തിവയ്പ്പിക്കുന്നതിനും സർക്കാരിലേയ്ക്ക് റോയൽറ്റി, വില, പിഴ ഇനങ്ങളിൽ തുക വസൂലാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 49,32,408/- രൂപ സർക്കാരിലേയ്ക്ക് ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്